➪ *ഭീതിജനകമായ ഒരന്തരീക്ഷത്തിലൂടെയാണ് ഇന്ത്യ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്* ➪

# ആം ആദ്മിയുടെ രാഷ്ട്രീയ ഭാഷ

കോൺഗ്രസ്സ് നയിക്കുന്ന ഐക്യ മുന്നണിയുടെ അഴിമതി ഭരണത്തിനും പിണറായി വിജയൻ നേതൃത്വം നൽകുന്ന കണ്ണൂർ സഖാക്കൾക്ക് പ്രാമുഖ്യമുള്ള മാർക്സിസ്റ്റ് മുന്നണിക്കും ബദലായി ഒരു രാഷ്ട്രീയ ഭാഷ ഡൽഹിപോലെ നഗരവത്ക്കരിക്കപ്പെട്ട കേരളത്തിൽ ആം ആദ്മി രൂപപ്പെടുത്തുമോ?

**കെ. അരവിന്ദാക്ഷൻ**

**ഡൽഹിയിൽ** അം ആദ്മി പാർട്ടിക്കുണ്ടായ വിജയം ഇന്ത്യൻ ജനാധിപത്യത്തിൽ ഒരു കുളിർ കാറ്റാണ്. ഈ കുളിർ കാറ്റ് ദൽഹിയിൽ നിന്ന്, ഇന്ത്യയുടെ തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും ഒക്കെ വ്യാപിക്കുമോയെന്നതിൽ നാം ആശങ്കപ്പെടേണ്ടതില്ല. കുളിർകാറ്റ് കുളിർകാറ്റായിത്തന്നെ വീശട്ടെയെന്ന് പ്രത്യാശിക്കുമ്പോൾതന്നെ, അത് നമ്മുടെ ജനാധിപത്യത്തിൽ ഉയർത്തിയ സർഗ്ഗാത്മകമായ ചില കാര്യങ്ങളെ നാം മറന്നുകൂടാ.

കഴിഞ്ഞ ഒമ്പതു മാസമായി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര മന്ത്രിസഭയിൽ ആദ്യത്തെ വാക്കും അവസാനത്തെവാക്കും മോദിയുടേതാണ്. പാർലമെന്റ് അംഗങ്ങളും മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും മോദിയുടെ കൈപ്പിടിയിലാണ്. മോദിയും മോദിയുടെ മൂന്നോ നാലോ അനുചരന്മാരും കൊണ്ടുവരുന്ന ആശയങ്ങൾ, പദ്ധതികൾ നടപ്പാക്കുകയെന്നതാണ് എല്ലാവരുടേയും തൊഴിൽ. ഈയൊരു അവസ്ഥയെ ശക്തിപ്പെടുത്തുന്നതാണ് ദൃശ്യ മാധ്യമങ്ങളുടെയും അച്ചടിമാധ്യമങ്ങളുടെയും വാർത്തകളും വിശകലനങ്ങളും ലേഖനങ്ങളുമെല്ലാം. വികസനമാണ് മോദിയുടെ മുദ്രാവാക്യം. ഇന്ത്യയെ അമേരിക്കയാക്കുന്ന വികസനം. അതിലേക്കുള്ളവഴിയിൽ തടസ്സങ്ങളായി നിൽക്കുന്നതിനെയെല്ലാം ഓർഡിനൻസുകളിലൂടെയും ബലപ്രയോഗങ്ങളിലൂടെയും ഒഴിവാക്കുകയെന്നതാണ് മോദിവികസനത്തിന്റെ ബലതന്ത്രം. ഒരു ഭാഗത്ത് മോദി വികസനത്തെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ മോദിയെന്ന രാഷ്ടീയ സ്വയം സേവകൻ അംഗമായിട്ടുള്ള ആർ.എസ്സ്.എസ്സും ബി.ജെ.പി.യും വിശ്വഹിന്ദു പരിഷത്തും എല്ലാം അതിന്റെ മദ്ധ്യനിര പ്രവർത്തകരിലൂടെയും സാധാരണ പ്രവർത്തകരിലൂടെയും ഇന്ത്യ ഹിന്ദുവിന്റെതാണെന്നും മുസ്ലീമും ക്രിസ്താനിയും സിഖനും ബുദ്ധിസ്റ്റും ജൈനനുമെല്ലാം ഹിന്ദുവിന്റെ വകഭേദങ്ങളാണെന്നും പറയുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. മോദിയുടെ പാശ്ചാത്യ മാതൃകയിലുള്ള വികസനവും ഹിന്ദുത്വവും ഒന്നിച്ചുചേരുമ്പോഴുണ്ടാകുന്ന ഭീതിജനകമായ ഒരന്തരീക്ഷത്തിലൂടെയാണ് ഇന്ത്യ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും മോദിയുടെ വികസനത്തിൽ നിഷ്കാസിതരാകുന്ന ആദിവാസികൾ, ദളിതുകൾ, ദരിദ്രർ തുടങ്ങിയവർ ഹിന്ദുത്വായിലൂടെ തിരസ്കൃതരാക്കപ്പെടുന്ന മുസ്ലീങ്ങൾ, ദരിദ്ര ക്രിസ്ത്യാനികൾ, മറ്റ് മതവിഭാഗക്കാർ.

ഈയൊരു പശ്ചാത്തലത്തിലാണ് അരവിന്ദ് കെജ്രിവാളിന്റെ ആം ആദ്മിയുടെ ദൽഹി വിജയം. ഇന്ത്യ

യിലെ മൊത്തം ജനങ്ങളും മോദിയുടെയും സംഘത്തിന്റെയും വികസനനയം സ്വീകരിച്ചിരിക്കുന്നുയെന്ന വിശ്വാസത്തിനുള്ള കനത്ത തിരിച്ചടിയാണ്, തന്റെ മൂക്കിനു കീഴെത്തന്നെ മോദിക്കേറ്റ പ്രഹരം.

ഇത് വളരെ പ്രധാനമായ ഒരു കാര്യത്തിലേയ്ക്കെത്തുന്നു. മോദിയുടെ പാശ്ചാത്യമാതൃകയിലുള്ള വികസനനയം ചോദ്യം ചെയ്യപ്പെടണം. ജനങ്ങൾക്ക് ചോദ്യം ചെയ്യാനുള്ള അവകാശമുണ്ട്. അവസരം കിട്ടിയാൽ അവർ ചോദ്യം ചെയ്യും. അത്രയ്ക്കെങ്കിലുമുള്ള അറിവും വിവേകവും തന്റേടവും ദരിദ്രരും സാധാരണക്കാരുമായ മനുഷ്യർക്കുണ്ട്. ഇത് താൻ ഇന്ത്യയുടെ അനിഷേധ്യ പ്രധാനമന്ത്രിയാണെന്നും ഭാവി തന്റേതാണെന്നുമുള്ള മോദിയുടെ അഹന്തയെ, മദത്തെ പ്രഹരിക്കുന്നു. ഈ പ്രഹരം മോദിയിൽ ഏറ്റിട്ടുണ്ടെന്നുള്ളതിന്റെ ലക്ഷണങ്ങളാണ് ഭൂമി ഏറ്റെടുക്കലിനായി ഇറക്കിയ ഓർഡിനൻസിൽ മാറ്റങ്ങൾ വരുത്താനുള്ള ആലോചനകൾ. ആരുടെ ഭൂമിയും ഏതു ഭൂമിയും കോർപ്പറേറ്റുകളുടെ വികസനത്തിനായി ഏറ്റെടുക്കാമെന്ന ഓർഡിനൻസ് ചോദ്യം ചെയ്യപ്പെടുകയാണ്. ഈ ചോദ്യം ചെയ്യൽ മോദിയും സംഘപരിവാറും സമൂഹത്തിൽ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന ഭയത്തിനെ നീർവീര്യമാക്കാനുള്ള ആന്റിവെനം കൂടിയാണ്. മോദി ചോദ്യങ്ങൾ ഇഷ്ടപ്പെടുന്നില്ല, ഉത്തരങ്ങളെ നിങ്ങൾ അനുസരിക്കുകയാണ് വേണ്ടതെന്ന ഭയവികാരം ഒരു ജനാധിപത്യത്തിന് ഭൂഷണമല്ല. ജനങ്ങൾ ഭയപ്പെട്ടുകൊണ്ടു ജീവിക്കേണ്ടിവരുന്ന അവസ്ഥയിൽ പെരുമാൾ മുരുകന്മാരുടെ എണ്ണം കൂടിക്കൊണ്ടിരിക്കും. എന്തിനും ഏതിനും ഹിന്ദുത്വ വിഷം ചീറ്റുന്നവർക്കെതിരെയുള്ള മുന്നറിയിപ്പാണ് ആം ആദ്മിയുടെ മോദിയെ ചോദ്യം ചെയ്യലിലൂടെ സംഭവിച്ചത്.

ആം ആദ്മിയുടെ ദൽഹിയിലെ ജനങ്ങളോടുള്ള രാഷ്ട്രീയ സമീപനം, സംവാദം എന്നിവയിലെല്ലാം ഇന്ത്യൻ രാഷ്ട്രീയത്തിൽ നിന്ന് അപ്രത്യക്ഷമായ ഒരു ഗാന്ധിയൻ രാഷ്ട്രീയധാരയുടെ ഉണർവ്വ് നമുക്ക് കാണാൻ കഴിയും. അധികാരത്തിന്റെ കാർക്കശ്യഭാഷയിൽനിന്ന് അത് ജനങ്ങളുടെ ഭാഷയിലേക്ക് മാറുന്നതായിക്കാണാം. പൗരുഷത്തിന്റെ ഹിംസവും ചിരിക്കാത്തമുഖവും കാർക്കശ്യവും പാരുഷ്യവും അധികാരവും തികഞ്ഞ ലോഹപുരുഷനായി മോദി മീഡിയകളിലും തെരുവുകളിലും, എന്തിന് ഇൻഡയിൻ (INDANE) ഗ്യാസ് ബുക്ക് ചെയ്യുന്ന ഉപഭോക്താവിന്റെ കാതിൽപോലും വിജ്രംഭിക്കുമ്പോൾ കെജ്രിവാൾ ചിരിക്കുന്ന മുഖവും കുസൃതിക്കണ്ണുകളും നർമ്മം തുളുമ്പുന്ന വാക്കുകളുമായി ഒട്ടൊരു സ്ത്രൈണതയോടെ രാഷ്ട്രീയത്തെ സമീപിക്കുന്നു. മോദിയാരെന്ന് മോദിതന്നെ ഒരു നാർസിസ്സിനെപ്പോലെ വിളിച്ചു പറയുന്നതാണ് അദ്ദേഹത്തിന്റെ വിവാദമായ സൂട്ട്. പത്തുലക്ഷം വിലവരുന്ന ആ സൂട്ടിൽ നരേന്ദ്ര ദാമോദർ ദാസ് മോദി എന്ന് ഓരോ നൂലിഴയിലും സൂക്ഷ്മമായി തുന്നിച്ചേർത്തിരിക്കുകയാണ്. ഒരു ഏകാധിപതിക്കുമാത്രമേ ഇങ്ങനെയൊരു സൂട്ട് ധരിക്കാൻ തോന്നൂ. അരയിൽ ഒറ്റമുണ്ടുടുത്ത്, ഒരു മേൽമുണ്ടു മാത്രം പുതച്ച് ബ്രിട്ടീഷ് വൈസ്രോയിയുടെ അധികാരത്തെയും സാമ്രാജ്യത്ത്വത്തെയും, അതിലൂടെ ആധുനിക നാഗരികതയെയും, ബക്കിങ് ഹാം കൊട്ടാരത്തിൽ വെച്ചുതന്നെ ഭംഗ്യന്തരേണ കളിയാക്കിയ മോഹൻദാസ് ഗാന്ധിയെ വെറും ചൂലാക്കി മാറ്റാൻ ശ്രമിക്കുന്ന മോദിക്ക് പത്തുലക്ഷത്തിന്റെ സൂട്ടേ ധരിക്കാൻ കഴിയൂ. ഈ സൂട്ട് നമ്മോട് ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. മോദിയുടെ മനസ്സ് എന്താണെന്നും, മോദി എന്താണെന്നും മോദി എത്രത്തോളം അധികാരമത്തനാണെന്നും ഈ സൂട്ട് വിളിച്ചു പറയുന്നുണ്ട്. അതിന്റെ ജാള്യം തത്ക്കാലം മറച്ചുവെയ്ക്കാനാണ് അത് ലേലത്തിൽ വെച്ചത്. കെജ്രിവാളിന്റെ മഫ്ളർ നമ്മോട് സംസാരിക്കുന്നത് സാധാരണക്കാരന്റെ ഭാഷയാണ്. അധികാരം കെജ്രിവാളിന്റെ ഭാഷയെ വികലമാക്കില്ലെന്ന് വിചാരിക്കുക. തെരെഞ്ഞെടുപ്പ് വിജയത്തിനുശേഷം കെജ്രിവാൾ തന്റെ ഭാര്യയും കുട്ടികളുമൊത്ത് നിൽക്കുന്ന ദൃശ്യം, സാധാരണക്കാരനായ ഒരു മദ്ധ്യവർഗ്ഗിയുടേതാണ്. അത് നമ്മോട് ചിലത് സംസാരിക്കുന്നുണ്ട്.

മോദി ലോകസഭ തെരഞ്ഞെടുപ്പിൽ സോഷ്യൽ മീഡിയ സമർത്ഥമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ അതിൽ ഒരു ചതിയുടേതായ പ്രയോഗം കാണാൻ കഴിയും. 'വികസനം' എ

ആം ആദ്മിയുടെ ദൽഹിയിലെ ജനങ്ങളോടുള്ള രാഷ്ട്രീയ സമീപനം, സംവാദം എന്നിവയിലെല്ലാം ഇന്ത്യൻ രാഷ്ട്രീയത്തിൽ നിന്ന് അപ്രത്യക്ഷമായ ഒരു ഗാന്ധിയൻ രാഷ്ട്രീയധാരയുടെ ഉണർവ്വ് നമുക്ക് കാണാൻ കഴിയും. അധികാരത്തിന്റെ കാർക്കശ്യ ഭാഷയിൽനിന്ന് അത് ജനങ്ങളുടെ ഭാഷയിലേക്ക് മാറുന്നതായിക്കാണാം.

ന്ന ഒറ്റ വാക്കിലൂടെ മോദി യുവാക്കളെ ആകർഷിക്കുകയായിരുന്നു. എന്നാൽ ആരുടെ വികസനമെന്നത് യുവാക്കൾ ശ്രദ്ധിച്ചിരിക്കില്ല. ശ്രദ്ധിച്ചാൽത്തന്നെയും അദാനിയുടെയും അംബാനിയുടെയും പാശ്ചാത്യവികസന മാതൃകയുടെയും എന്ന് അവരിൽ പലരും വിചാരിക്കാം. കാരണം, അവരിൽ പലർക്കും പാശ്ചാത്യ വികസന മാതൃകയുടെ ശക്തിയിൽ തിരസ്കരിക്കപ്പെടുന്ന ആദിവാസിയുടെയും ദളിതന്റെയും ദുരന്തം അറിയാൻ കഴിയില്ല. എന്നാൽ വികസനത്തിലൂടെ മോദി ഒളിച്ചുവെച്ചത് തന്റെ രാഷ്ട്രീയ സ്വയം സേവകന്റെ മുഖമാണെന്ന് അവരിപ്പോഴെങ്കിലും തിരിച്ചറിയുന്നുണ്ടാവണം. 2002 മുതലുള്ള എല്ലാ തെരെഞ്ഞെടുപ്പ് പ്രചാരണങ്ങളിലും മോദിയും സംഘവും അഴിച്ചുവിടുന്നത് വിവിധ ഹിന്ദുജാതികളുടെ ഏകീകരണത്തിലൂടെ ഭൂരിപക്ഷ മതത്തിന്റെ വിജയവും ന്യൂനപക്ഷങ്ങളുടെ പരാജയവും ഉണ്ടാക്കുന്ന വിഭാഗീയ പ്രചരണങ്ങളാണ്. ദൽഹിയും മറിച്ചായിരുന്നില്ല. മറ്റൊരു കാര്യം കെജ്രിവാളിനെ കേന്ദ്രീകരിച്ച് മോദി നടത്തിയ അധിക്ഷേപങ്ങളും ആക്രോശങ്ങളും എങ്ങിനെ നെഗറ്റീവ് വോട്ടായി കലാശിച്ചു എന്നതാണ്. ജനങ്ങൾ തങ്ങളുടെ ആറാമിന്ദ്രിയത്തിലൂടെ സത്യവും അസത്യവും ധർമ്മവും അധർമ്മവും തിരിച്ചറിയുന്നുണ്ട്.

കെജ്രിവാളിന്റെ പുതിയ രാഷ്ട്രീയ ഭാഷ, ജീർണ്ണിച്ചു പൂജ്യത്തിലെത്തിയ കോൺഗ്രസ്സിനും കൊഴിഞ്ഞു തീരാറായിക്കൊണ്ടിരിക്കുന്ന മാർക്സിസ്റ്റുപാർട്ടിക്കും പാഠമാകേണ്ടതാണ്. കുടുംബപരമ്പര്യവും കുടുംബവാഴ്ചയും ഇനിയും ഇന്ത്യയിൽ അധികാരത്തിലെത്താനുള്ള കുറുക്കുവഴികളാണോ? ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ നിത്യജീവിത പ്രശ്നങ്ങളുമായി സംസാരിക്കാത്ത ഒരു രാഷ്ട്രീയ ഭാഷ, അന്യംനിന്നുപോകുമെന്ന് തന്നെയാണ് കോൺഗ്രസ്സിന്റെ പൂജ്യം വ്യക്തമാക്കുന്നത്. പ്രകാശ് കാരാട്ട് ഡൽഹിയിലെ ഏതെങ്കിലും ഒരു നിയോജക മണ്ഡലത്തിൽ കെജ്രിവാളിനെപ്പോലെ ജനങ്ങളോട് രണ്ട് പതിറ്റാണ്ട് അവരുടെ പ്രശ്നങ്ങൾ സംസാരിച്ചിരുന്നെങ്കിൽ, മാർക്സിസ്റ്റു പാർട്ടിക്ക് ഒരു സീറ്റെങ്കിലും കിട്ടുമായിരുന്നു. സിദ്ധാന്തങ്ങളിലല്ല മനുഷ്യൻ വിശ്വസിക്കുന്നത്, പ്രവൃത്തിയിലാണ്. മാർക്സിസ്റ്റ് പാർട്ടി കേരളത്തിൽ പിണറായി സഖാവിന്റെ നേതൃത്വത്തിൽ എവിടംവരെ എത്തിയെന്നറിയണമെങ്കിൽ 'ശുംഭൻ' എന്ന പദപ്രയോഗത്തിന്റെ പേരിൽ എം.വി. ജയരാജനെ സുപ്രീംകോടതി വിധിയെത്തുടർന്ന് ജയിലിലേക്കുകൊണ്ടുപോകുന്നതും ജയിലിൽ നിന്ന് പുറത്തുവരുന്നതുമായ രംഗങ്ങൾ വീക്ഷിച്ചാൽ മതി. ഏതോ വലിയ ജനകീയ പ്രശ്നത്തിൽ ഇടപെട്ട് ജയിലിൽ പോകേണ്ടിവന്ന മഹാവിപ്ലവകാരിക്ക് നൽകിയ യാത്രയയപ്പും വരവേൽപ്പുമാണ് നമുക്ക് കാണാൻ കഴിഞ്ഞത്. സ്വന്തം അറിവില്ലായ്മയുടെയും അഹന്തയുടെയും പേരിൽ സംഭവിച്ച നാവുപിഴയാണ് അദ്ദേഹത്തെ ജയിലിലേയ്ക്കയച്ചതെന്ന സാമാന്യയുക്തിപോലും യാത്രയയച്ച സഖാക്കളും വരവേൽപുനൽകിയ സഖാക്കളും കാണിച്ചില്ല. എന്തൊരു ചപലമായ രക്തസാക്ഷിത്തം!

ആം ആദ്മിയെ തോൽപ്പിക്കാൻ മോദിയും അമിത്ഷായും നിയോഗിച്ചത് 22 കേന്ദ്ര മന്ത്രിമാരെയും 120 പാർലമെന്റംഗങ്ങളെയും ഒരുലക്ഷം രാഷ്ട്രീയ സ്വയം സേവകരെയുമാണ്. കൂടാതെ വമ്പൻ പരസ്യങ്ങളും; ദൃശ്യ മാധ്യമങ്ങളിലും അച്ചടി മാധ്യമങ്ങളിലും. കെജ്രിവാളിന്റേത് നേരെ തിരിച്ചായിരുന്നു. ദൃശ്യമാധ്യമങ്ങളിൽ നിന്നും അച്ചടി മാധ്യമങ്ങളിൽ നിന്നും ആം ആദ്മി വിട്ടുനിന്നു. അതേസമയം സാധാരണക്കാരന്റെ വാഹനമായ ഓട്ടോറിക്ഷകൾ വഴിയും പോസ്റ്ററുകൾ വഴിയും ജനങ്ങളുമായി മുഖാമുഖം നിന്ന് അവർ തങ്ങളുടെ രാഷ്ട്രീയം സംസാരിച്ചു.

ഇത്രയൊക്കെ പറയുമ്പോഴും ആം ആദ്മിയുടെ രാഷ്ട്രീയം ദൽഹിവിട്ട് ഇന്ത്യയാകെ പരക്കുമെന്ന വ്യാമോഹമില്ല. കേരളത്തിലെ അവസ്ഥ തന്നെ നോക്കൂ. കോൺഗ്രസ്സ് നയിക്കുന്ന ഐക്യമുന്നണിയുടെ അഴിമതി ഭരണത്തിനും പിണറായി വിജയൻ നേതൃത്വം നൽകുന്ന കണ്ണൂർ സഖാക്കൾക്ക് പ്രാമുഖ്യമുള്ള മാർക്സിസ്റ്റ് മുന്നണിക്കും ബദലായി ഒരു രാഷ്ട്രീയ ഭാഷ ഡൽഹിപോലെ നഗരവത്ക്കരിക്കപ്പെട്ട കേരളത്തിൽ ആം ആദ്മിക്ക് രൂപപ്പെടുത്താൻ കഴിയുമോ? അതിനുള്ള അദ്ധ്വാനബലമോ രാഷ്ട്രീയ തന്ത്രമോ രാഷ്ട്രീയ ഭാഷയോ കേരളത്തിലെ ആം ആദ്മി നേതാക്കൾക്കില്ല. അവസരവാദ രാഷ്ട്രീയത്തിന്റെ അടുക്കളയിൽ ആം ആദ്മിയുടെ അരി വേവാൻ ഒട്ടും സാധ്യതയില്ല.■


## ശ്രമിക് ന്യായ് സംഘടൻ

ലേബർ ജസ്റ്റിസ് മൂവ്മെന്റിന്റെ ഭാഗമായുള്ള ഇതര സംസ്ഥാന തൊഴിലാളി സംഘടന ശ്രമിക് ന്യായ് സംഘടൻ 2015 മെയ് 24ന് പെരുമ്പാവൂരിൽ വെച്ച് അവകാശ പ്രഖ്യാപന റാലിയും സമ്മേളനവും നടത്തുന്നു.
സംഘാടക സമിതി ചേരുന്നു.
**ഏപ്രിൽ 3 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് അങ്കമാലി സുരഭി ടൂറിസ്റ്റ് ഹോമിൽ.**
*ബന്ധങ്ങൾക്ക്: 8547698740*